# US PROFILES



## യു.എ.നസീർ





# ജനസേവനം എന്റെ രക്തത്തിൽ അലിഞ്ഞതാണ്

# യു.എ.നസീർ

◉ **മീട്ടു റഹ്മത്ത് കലാം**

പിതാവിന്റെ തന്മാത്രകൾ മക്കളിൽ പ്രകടമാകുന്നത് സ്വാഭാവികമാണ്. മഹാനായൊരു വ്യക്തിയുടെ പുത്രനായി ജീവിക്കുമ്പോൾ, ആ തുലനങ്ങൾക്കൊപ്പം മുന്നോട്ട് നീങ്ങുക ഒട്ടും എളുപ്പമല്ല. കൈകാര്യം ചെയ്ത വകുപ്പുകളിൽ കയ്യൊപ്പ് ചാർത്തിയിട്ടുള്ള കക്ഷി ഭേദമന്യേ സുസമ്മതനായ മുൻ മന്ത്രിയും പ്രഗത്ഭ പത്രപ്രവർത്തകനും എഴുത്തുകാരനും പ്രഭാഷകനും സാഹിത്യകാരനുമായ യു.എ.ബീരാന്റെ മകനെന്ന മേൽവിലാസം ഉണ്ടായിരുന്നിട്ടും, കേരളരാഷ്ട്രീയത്തിലെ അവസരങ്ങൾ വിനിയോഗിക്കാതെ പ്രവാസ ജീവിതമാണ് യു.എ.നസീർ തിരഞ്ഞെടുത്തത്.



സംശുദ്ധമായ പൊതുപ്രവർത്തനത്തിന് അധികാര രാഷ്ട്രീയത്തിന്റെ അകമ്പടി വേണ്ടെന്നുള്ള പാഠം അടിവരയിടുന്നതാണ് മലബാർ ഡെവലപ്മെന്റ് ഫോറത്തിന്റെ ചെയർമാൻ, നോർത്ത് അമേരിക്കൻ നെറ്റ് വർക്ക് ഓഫ് മലയാളി മുസ്ലിം അസോസിയേഷൻസിന്റെ (NANMMA) സ്ഥാപക നേതാവ്, ലോകത്തിലെ ഏറ്റവും ശക്തമായ പ്രവാസി മലയാളി സംഘടനയായ കെ.എം.സി.സി -യുടെ യു.എസ്.എ - കാനഡ മേഖലയുടെ പ്രസിഡന്റ് തുടങ്ങിയ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. നന്മനിറഞ്ഞൊരു പൈതൃകത്തിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ടത് എങ്ങനെയെന്ന് അടയാളപ്പെടുത്തുന്ന തന്റെ ജീവിതപുസ്തകം നസീർ സാഹിബ് 'ഇ - മലയാളി' വായനക്കാർക്ക് മുൻപിൽ തുറക്കുന്നു....


**ജീവിതത്തിൽ പിതാവ് എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട്?**

പൊതുജീവിതം സത്യസന്ധവും സംശുദ്ധവുമായിരിക്കണമെന്നാണ് പിതാവ് കാണിച്ചുതന്നത്. ആ പാതയാണ് ഇന്നും പിന്തുടരുന്നത്. പൊതുപ്രവർത്തനത്തിന് അധികാരരാഷ്ട്രീയം ആവശ്യമില്ലെന്നും ആളുകളെ സേവിക്കാനുള്ള മനസ്സും സാഹചര്യവും തന്നെ ധാരാളമാണെന്നുമുള്ളത് അദ്ദേഹം പകർന്നുതന്ന പാഠമാണ്. മാതൃകാപരമായ ഒരുപാട് ഗുണങ്ങൾ





പിതാവിൽ നിന്ന് പകർത്താൻ ശ്രമിച്ചിട്ടുണ്ട്. ഇന്ന് കാണുന്ന എന്നെ വാർത്തെടുത്തതിൽ ആ അനുകരണശ്രമത്തിന് വലിയ പങ്കുണ്ട്. 1963ൽ ബാലറ്റിലൂടെ നടന്ന പ്രഥമതെരഞ്ഞെടുപ്പിൽ വിജയിച്ച് കോട്ടക്കൽ പഞ്ചായത്തിന്റെ പ്രസിഡന്റായി പതിറ്റാണ്ടുകളോളം തുടർന്ന എന്റെ ഉപ്പ 'ആധുനിക കോട്ടയ്ക്കലിന്റെ ശിൽപി' എന്ന് അറിയപ്പെടുന്നത് മകനെന്ന നിലയിൽ അഭിമാനമായി കാണുന്നു. ഭക്ഷ്യവകുപ്പു മന്ത്രിയായിരിക്കെ, 80കളിൽ സംസ്ഥാനത്തുടനീളം മാവേലി സ്റ്റോറുകൾ സ്ഥാപിച്ച് അധികാര രാഷ്ട്രീയം എങ്ങനെ ജനപക്ഷമാകണമെന്ന മാതൃകയും അദ്ദേഹം പകർന്നുതന്നു. വിദ്യാഭ്യാസകാലയളവിൽ പിതാവിന്റെ തൊഴിൽ എന്ന കോളത്തിൽ എം.എൽ.എ എന്നോ മന്ത്രിയെന്നോ എഴുതാൻ ഉപ്പ സമ്മതിച്ചിരുന്നില്ല. പത്രപ്രവർത്തകനായി അറിയപ്പെടാനായിരുന്നു ആഗ്രഹം. അക്ഷരങ്ങളെ ഇത്രത്തോളം സ്നേഹിച്ച മറ്റൊരാളുണ്ടോ എന്നുപോലും സംശയമാണ്. ഓരോ യാത്ര കഴിഞ്ഞു വരുമ്പോഴും നിറയെ പുസ്തകങ്ങളുമായാണ് വീട്ടിൽ തിരിച്ചെത്താറുള്ളത്. ഉപ്പ വായിച്ചിരുന്നതുപോലെ വായിക്കാനോ അദ്ദേഹത്തെപ്പോലെ എഴുത്തിൽ ശ്രദ്ധിക്കാനോ കഴിഞ്ഞില്ലല്ലോ എന്ന് ഇടയ്ക്ക് തോന്നാറുണ്ട്. അതൊരിക്കലുമൊരു താരതമ്യപ്പെടുത്തലല്ല. പിതാവിനോട് മക്കൾക്ക് സ്വതവേ തോന്നുന്ന ആരാധനയാകാം. എന്നിൽ എന്ത് ഗുണങ്ങളുണ്ടെങ്കിലും അത് ഉപ്പയിൽ നിന്ന് സ്വാംശീകരിച്ചതാണ്.



**പേരെടുത്ത ഒരാളുടെ മകനായി ജീവിക്കുക എത്രത്തോളം വെല്ലുവിളി നിറഞ്ഞ കാര്യമാണ്? ആളുകൾ താരതമ്യപ്പെടുത്തുമോ എന്ന ചിന്ത ബുദ്ധിമുട്ടിച്ചിട്ടുണ്ടോ?**

സമൂഹത്തിൽ അറിയപ്പെടുന്ന ഒരാളുടെ മകനായി ജീവിക്കുക എന്നുള്ളത് ഒരു കണക്കിന് വലിയൊരു അംഗീകാരമാണെങ്കിൽ കൂടി, ജീവിതത്തിൽ പലപ്പോഴും അതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. മുൻ മന്ത്രിയും എഴുത്തുകാരനുമായ ബീരാൻ സാഹിബിന്റെ മകൻ എന്ന പരിഗണന കിട്ടുമ്പോഴും, അർഹമായ പല മേഖലകളിലേക്കും എത്തിപ്പെടുന്നതിന് അതൊരു വിലങ്ങുതടിയായി തീർന്നിട്ടുണ്ട്. താരതമ്യം എല്ലായ്പ്പോഴും നേരിട്ടിരുന്നു. സുഹൃത്തുക്കളും സഹായികളും പല കാര്യങ്ങൾ പറഞ്ഞ് ഉപദേശിച്ചതും പേടിപ്പിച്ചും നിർത്തും. ഈ തുലനം പേടിച്ച്, സ്വന്തം താത്പര്യമനുസരിച്ച് പലതും ചെയ്യാൻ സാധിക്കാതെ വന്നിട്ടുണ്ട്. നമ്മൾ മൂലം അദ്ദേഹത്തിന്റെ പേര് മോശമാകുമോ എന്നുള്ള ചിന്ത പല കാര്യങ്ങളിലും പിന്നോട്ടുവലിച്ചിട്ടുണ്ട്. മന്ത്രിയുടെ മകനായി ജീവിക്കുമ്പോൾ,വ്യക്തിസ്വാതന്ത്ര്യം ഉൾപ്പെടെ പലതും ത്യജിക്കേണ്ടി വന്നിട്ടുണ്ട്. എങ്കിൽ കൂടി, തിരിഞ്ഞുനോക്കുമ്പോൾ നൂറുശതമാനം സന്തുഷ്ടനാണ്.

**കേരളരാഷ്ട്രീയമെന്ന തട്ടകത്തോട് വിമുഖത തോന്നിയിട്ടുണ്ടോ?വിദ്യാഭ്യാസകാലം?**

ഉപ്പ പഠിച്ചിരുന്ന കോട്ടയ്ക്കൽ രാജാസ് ഹൈസ്കൂളിൽ തന്നെയാണ് ഞാനും പഠിച്ചത്. തിരൂരങ്ങാടി പി.എസ്.എം.ഒ കോളജിലും ഫാറൂക്ക് കോളജിലുമായിരുന്നു തുടർന്നുള്ള വിദ്യാഭ്യാസം.ഡിഗ്രിക്ക് ബിഎസ് സി ബോട്ടണിയായിരുന്നു വിഷയം.

സ്കൂളിലെയും കോളേജിലെയും സാമൂഹിക മണ്ഡലങ്ങളിലും വിദ്യാർത്ഥി രാഷ്ട്രീയത്തിലും സജീ





വമായിരുന്നു. എംഎസ്എഫ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. കോളജ് മാഗസിനിലൂടെയാണ് എഴുതിത്തുടങ്ങിയത്. 1983– ൽ കോട്ടയ്ക്കലിലെ സാമൂഹിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു. കോട്ടയ്ക്കൽ പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡണ്ട്, യൂത്ത് ലീഗ് മലപ്പുറം മണ്ഡലം സെക്രട്ടറി തുടങ്ങിയ പദവികളും വഹിച്ചു.

എസ്എംടിയുവിൻറെ കോട്ടയ്ക്കൽ യൂണിറ്റ് പ്രസിഡണ്ടായി പ്രവർത്തിക്കുകയും പിന്നീട് സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിരുന്നു.(എസ്.ടി.യുവിൻറെ മോട്ടോർ തൊഴിലാളികളുടെ സംഘടനയാണ് എസ്എംടിയു) ചുരുക്കി പറഞ്ഞാൽ മുസ്ലിം ലീഗ് എന്ന ശക്തമായ വേരുകളുള്ള രാഷ്ട്രീയ കക്ഷിയുടെ വിദ്യാർത്ഥി – യുവജന – തൊഴിലാളി വിഭാഗങ്ങളുടെ ജില്ലാ സംസ്ഥാന സ്ഥാനങ്ങളിൽ പ്രവർത്തകരുടെ സഹകരണത്താൽ വളരെ ചെറുപ്പത്തിൽ തന്നെ സജീവമായി സേവനം ചെയ്യാൻ സാധിക്കുകയുണ്ടായി.



ആ സമയത്താണ് കോട്ടയ്ക്കൽ അർബൻ ബാങ്കിൻറെ പ്രസിഡണ്ടായി ചുമതല ഏൽക്കുന്നത്. ബാങ്കിനെ ജനകീയവൽക്കരിക്കാനും നിരവധി മാറ്റങ്ങൾ കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ മേഖലകളിലെന്ന പോലെ മറ്റു കൂട്ടായ്മകളിലും സജീവമായി ഇടപെട്ടിരുന്നു. ലയൺസ് ക്ലബ്ബ്, ജെസിഐ എന്നിവയുടെ തലപ്പത്തും പ്രവർത്തിച്ചു. രാജാസിൽ വച്ചു നടന്ന ജില്ലാ കലോത്സവത്തിൻറെ മുഖ്യ സംഘാടകനായിരുന്നു.

എന്നാൽ, ഇന്നത്തെ രാഷ്ട്രീയത്തിന്റെ മുന്നോട്ടുള്ള പോക്കും എന്റെ രീതിയായ 'നേരെ വാ, നേരെ പോ' എന്നതിനോട് യോജിച്ചുപോകാൻ സാധിക്കില്ലെന്ന് ബോധ്യപ്പെട്ടതോടെയാണ് സജീവരാഷ്ട്രീയം നിർത്തി പ്രവാസജീവിതം തിരഞ്ഞെടുത്ത് അമേരിക്കയിലേക്ക് പോയത്.

**മുസ്ലീങ്ങൾ അധികവും ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറുന്ന പ്രവണത ഉണ്ടായിരുന്നിട്ടും താങ്കൾ അമേരിക്ക തിരഞ്ഞെടുക്കാനുള്ള കാരണം?**

എൺപതുകളിൽ തന്നെ, ഗൾഫ് രാജ്യങ്ങളിൽ പോകാനുള്ള സാഹചര്യം ഉണ്ടായിരുന്നതാണ്. മുൻപ് സൂചിപ്പിച്ചതുപോലെ, രാഷ്ട്രീയവും പൊതുപ്രവർത്തനവും തലയ്ക്കുപിടിച്ചതുകൊണ്ട് വേണ്ടെന്ന് വച്ചതാണ്. സജീവ രാഷ്ട്രീയം നിർത്തിയ ശേഷമാണ് വിദേശത്തേക്ക് പോകാമെന്ന് തീരുമാനിച്ചത്. സാമ്പത്തികമായ ഉന്നമനമെന്നും തന്നെ പിതാവ് ഉണ്ടാക്കി വച്ചിരുന്നുമില്ല. ഗൾഫ് നാടുകളിലേക്ക് പോയാൽ, 'മന്ത്രിയുടെ മകൻ, നേതാവിന്റെ മകൻ' എന്നിങ്ങനെ സർവ്വപ്രതാപത്തോടെ നിന്നിരുന്ന എന്നെ അവർ എങ്ങനെ ഉൾക്കൊള്ളുമെന്നൊരു ശങ്ക അലട്ടി. കിട്ടുന്ന എന്തുജോലിയും അവിടെ പോയി ചെയ്യുന്നതിൽ പ്രയാസവും ഉണ്ടായിരുന്നു. അതുകൊണ്ടാണ്, എല്ലാത്തിൽ നിന്നുമുള്ള മാറ്റം എന്ന രീതിയിൽ അമേരിക്ക തിരഞ്ഞെടുത്തത്. കഴിഞ്ഞ 20 വർഷങ്ങളായി ഇവിടെ സംതൃപ്തമായാണ് ജീവിക്കുന്നത്.

**അമേരിക്കയിലെ ആദ്യകാല ജീവിതം, പ്രശ്നങ്ങൾ...**

എന്ത് ജോലിയും ചെയ്യാനുള്ള മനസ്സുമായാണ് അമേരിക്കയിലേക്ക് കുടിയേറിയത്. വലിയ ബന്ധങ്ങളൊന്നും ഇല്ലായിരുന്നു.

ധാരാളം സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും സഹായഹസ്തവുമായി മുന്നോട്ടുവന്നു. ചെറിയ ജോലികളിൽ ഒതുങ്ങാൻ സമ്മതിക്കാതെ ഒരു സുഹൃത്ത് മൻഹാട്ടനിലെ കമ്പനി മാനേജ് ചെയ്യാൻ എന്നെ ഏൽപ്പിച്ചു. വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെ തുടർന്ന് ആ കമ്പനി അടയ്ക്കേണ്ടതായി വന്നതോടെ, എന്തെങ്കിലും ബിസിനസ് തുടങ്ങിയാലോ എന്ന്





ആലോചിച്ചു. അങ്ങനെയാണ്, നാട്ടിൽ നിന്ന് ഗ്രീറ്റിംഗ് കാർഡ് എത്തിച്ച് വില്പന ആരംഭിച്ചത്. തുടക്കത്തിൽ കഷ്ടപ്പാടുകൾ നേരിട്ടെങ്കിലും, ബിസിനസ്
പിന്നീട് പച്ചപിടിച്ച് വരികയും 8 -10 വർഷം നല്ലരീതിയിൽ മുന്നോട്ടുപോവുകയും ചെയ്തു. പിന്നീട് ഭാര്യയെയും അമേരിക്കയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. മക്കൾക്ക് വിസ കിട്ടിയിരുന്നെങ്കിലും അവർ നാട്ടിൽ പഠിക്കുകയായിരുന്നതിനാൽ കൊണ്ടുവന്നില്ല. പിന്നീടാണ് ഇവിടേക്ക് കൊണ്ടുവന്നത്.അമേരിക്കയിൽ നിന്ന് സ്പെയർ പാർട്സും മറ്റും ഗൾഫ് രാജ്യങ്ങളിലേക്ക് അയയ്ക്കുന്ന ബിസിനസാണ് കഴിഞ്ഞ പത്തുവർഷത്തോളമായി ചെയ്തുകൊണ്ടിരിക്കുന്നത്. എടിഎ ന്യൂയോർക്ക് എന്ന പേരിലാണ് ആദ്യത്തെ സംരംഭം തുടങ്ങിയത്. പിന്നീട് ഇൻഫൗർഇങ്ക് എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചു. ഇതിനിടയിൽ ഫുഡ് മേഖലയിലും കൈവച്ചിട്ടുണ്ട്. അന്നുമിന്നും



അമേരിക്കയിലെ മലയാളികളിൽ നിന്നെനിക്ക് സ്നേഹവും സാഹോദര്യവുമാണ് അനുഭവപ്പെട്ടിട്ടുള്ളത്. അതേ പോലെ തന്നെ പ്രവാസിയായി ജീവിക്കുന്ന അവസരത്തിലും നാട്ടിലും മറ്റു മറുനാടുകളിലുമുള്ള ചെറുതും വലുതുമായ എല്ലാ വിഭാഗം ആളുകളുമായുള്ള ബന്ധങ്ങൾ നില നിർത്തുവാനും പരമാവധി സാധിച്ചിട്ടുണ്ട്.

**മറക്കാത്ത ഓർമ്മകൾ...**

അമേരിക്കയിൽ എന്റെ ആദ്യത്തെ ഓഫീസ് വേൾഡ് ട്രേഡ് സെന്ററിന് സമീപമായിരുന്നെന്ന് പറഞ്ഞല്ലോ. 9 / 11 എന്ന ചരിത്രപ്രധാനമായ ഭീകരാക്രമണത്തിന് ദൃക്സാക്ഷിയായിരുന്നു എന്നതാണ് ജീവിതത്തിലെ തന്നെ മറക്കാനാകാത്ത ഓർമ്മ. അന്ന് ഓഫീസിലേക്ക് ട്രെയിൻ ഇറങ്ങി വരുമ്പോൾ അകലെയുള്ള ബിൽഡിംഗിൽ നിന്നും പുക ഉയരുന്നത് കണ്ടു. ഭയചകിതരായി ആളുകൾ നാലുദിക്കിലേക്ക് ചിതറിയോടുന്നു.

അന്വേഷിച്ചപ്പോൾ ആരോ പറഞ്ഞു ഹെലികോപ്ടറിൻറെ ചിറക് തട്ടിയതാണെന്ന്. ചാവേറാക്രമണമായിരുന്നെന്ന് പിന്നീടാണ് അറിഞ്ഞത്.പ്രദേശം മുഴുവൻ പൊടിപടലങ്ങൾകൊണ്ട് നിറഞ്ഞിരുന്നു.

അമേരിക്കൻ സമ്പന്നതയുടെ പ്രതീകമായി തലയുയർത്തിനിന്ന ഇരട്ട ടവറുകളാണ് അഗ്നിഗോളങ്ങൾ വിഴുങ്ങിയത്. കേരളത്തിലെ ഒട്ടുമിക്ക മാധ്യമ സുഹൃത്തുക്കളും എന്നെ ബന്ധപ്പെടുകയും വിശദാംശങ്ങൾ ചോദിച്ചറിയുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട എന്റെ അനുഭവക്കുറിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. തലനാരിഴയ്ക്കാണ് അന്ന് രക്ഷപ്പെട്ടത്. ജെ.ഡി.ടി.യിലെ ഹസ്സൻ ഹാജി അന്നവിടെ ഉണ്ടായിരുന്നു, അദ്ദേഹം യുണൈറ്റഡ് നേഷൻസിൽ വച്ചു നടക്കുന്ന മീറ്റിംഗിൽ പങ്കെടുക്കാൻ എനിക്ക് പാസ്സ് തന്നിരുന്നു. ആ മീറ്റിംഗിൽ പങ്കെടുക്കാൻ ഞാൻ ട്രെയിൻ കയറി അങ്ങോട്ട് യാത്രതിരിച്ചു, അവിടെ ട്രെയിൻ ഇറങ്ങി റോഡ് ക്രോസ് ചെയ്യുന്ന സമയത്താണ് അക്രമണം നടക്കുന്നത്. ഒരുപക്ഷെ ഞാൻ ഓഫീസിൽ തന്നെ തുടർന്നിരുന്നെങ്കിൽ ആ ദുരന്തത്തിൽ മരിച്ച 4800 പേരുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെടുമായിരുന്നു.

**ഇസ്ലാമോഫോബിയ നേരിട്ടിട്ടുണ്ടോ?**

പൊതുവേ മതേതര സ്വഭാവത്തോടെയാണ് ചെറുപ്പം മുതൽക്ക് ജീവിച്ചുവന്നിട്ടുള്ളത്. എല്ലാ മതവിഭാഗത്തിൽപ്പെട്ടവരുമായും സൗഹൃദം കാത്തുസൂക്ഷിക്കുന്ന വ്യക്തിയാണ് ഞാൻ. അതുകൊണ്ടുതന്നെ ഒരു കാലത്തും മതത്തിന്റെ പേരിൽ അവഗണനയോ വിവേചനം നേരിട്ടതായുള്ള അനുഭവം ഉണ്ടായിട്ടില്ലെന്ന് സന്തോഷത്തോടെയും തന്റേടത്തോടെയും പറയാൻ കഴിയും. ഇസ്ലാമിക വിശ്വാസങ്ങളുമായി ജീവിക്കുന്നതിന് അമേരിക്കയിലെ സുഹൃത്തുക്കളും ജനങ്ങളും വളരെ നല്ല സഹകരണമാണ് നൽകിയിട്ടുള്ളത്. അമേരിക്കയിലെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് ചില ആളുകൾ പുറത്തുനിന്ന് അപഖ്യാതികൾ പറഞ്ഞുപരത്തുമെങ്കിൽക്കൂടി, എന്നെക്കൊണ്ട്




കഴിയുന്ന വേദികളിൽ എല്ലാം ഈ രാജ്യത്ത് മുസ്ലീങ്ങൾക്ക് ജീവിക്കാൻ പ്രയാസമില്ലെന്നും ഇസ്‌ലാമോഫോബിയ നേരിട്ടിട്ടില്ലെന്നും പറയാറുണ്ട്. ഇനിയും പറയും.

**ജീവകാരുണ്യപ്രവർത്തനങ്ങൾ?**

ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് രക്തത്തിൽ അലിഞ്ഞ ഒന്നാണ്. ബുദ്ധിമുട്ടുള്ളവരെ സഹായിക്കണമെന്നാണ് ചെറുപ്പം മുതൽ കേട്ടുവളർന്നത്. അതിന് ഒരുകാലത്തും ജാതിയോ മതമോ നിറമോ നോക്കിയിട്ടില്ല. ആദ്യ കാലത്ത് കേരള ഗവൺമെന്റിനോട് സഹകരിച്ച് നോർക്കയിലാണ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് ജസ്റ്റീസ് ഫോർ ഓൾ (JFA), ഐ.എൻ. ഒ.സി തുടങ്ങിയ സംഘടനകളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും കേരളത്തിലെ ഇടതു വലതുപക്ഷ നേതാക്കളും കേന്ദ്രമന്ത്രിമാരും പഴയ ബന്ധംവച്ച് അകമഴിഞ്ഞ സഹായ സഹകരണങ്ങളാണ് നൽകിപ്പോന്നത്. അന്തരിച്ച കേന്ദ്രമന്ത്രി ഇ അഹമ്മദ് സാഹിബ് മുതൽ ഇപ്പോഴത്തെ വിദേശകാര്യ സഹമന്ത്രി വി.മുരളീധരനുമായി വരെ അടുത്ത ബന്ധമുണ്ട്. അമേരിക്കയിലെയും കാനഡയിലെയും വിവിധ സംഘടനാ നേതാക്കളും സുഹൃത്തുക്കളും നൽകിയിട്ടുള്ള സഹായസഹകരണങ്ങളും മറക്കാനാവില്ല. INOC യുടെ കേരള ചാപ്റ്റർ നാഷണൽ ജനറൽ സെക്രട്ടറി പദവി വരെ എത്തിനിൽക്കെയാണ് 'നന്മ' എന്ന സംഘടന രൂപീകരിച്ചത്. രാഷ്ട്രീയത്തിനതീതമായി കേരളത്തിലെ എം എൽ എ മാരും , മുഖ്യമന്ത്രിമാരും മന്ത്രിമാരും , എം.പിമാരും കേന്ദ്ര മന്ത്രിമാരുമായും തുടർന്നുപോകുന്ന സുദൃഢമായ വ്യക്തിബന്ധങ്ങൾ, മലയാളികൾക്ക് പല വിധ സേവനങ്ങളും ചെയ്യുന്നതിന് ഏറെ സഹായകമായിട്ടുണ്ട്. 2018 ൽ കേരളത്തിൽ പ്രളയമുണ്ടായപ്പോൾ,സംഘടനകളുമായി ചേർന്ന് മികച്ച രീതിയിൽ പണം സ്വരൂപിച്ച് ദുരിതത്തിലാഴ്ന്നവർക്ക് കൈത്താങ്ങ് നൽകി. കിടക്കാൻ ഇടമില്ലാതായവർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കുകയും ചെയ്തു. ഗൾഫ് നാടുകളിലെ കാരുണ്യപ്രവർത്തനങ്ങൾക്ക് പേരുകേട്ട കെ എം സി സിയുടെ ഭാരവാഹി എന്ന നിലയിലും നിരവധി ആളുകളെ സഹായിക്കുന്നതിന്റെ ഭാഗമാകാൻ സാധിച്ചിട്ടുണ്ട്. അന്നുമിന്നും ഇത്തരം കാര്യങ്ങളിൽ ഏർപ്പെടുന്നതിലൂടെ മനസ്സിനൊരു പ്രത്യേക ഊർജ്ജം കിട്ടാറുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കണമെന്നാണ് ആഗ്രഹം.

**എഴുത്ത്, അമേരിക്കയിലെ സാംസ്കാരികജീവിതം...**

നേരത്തെ പറഞ്ഞതുപോലെ, കോളജ് മാഗസിനിലൂടെയാണ് എന്നിലെ എഴുത്തുകാരനെ ഞാൻ കണ്ടെത്തുന്നത്. പൊതുപ്രവർത്തനത്തിൽ മുഴുകിയപ്പോൾ, പിതാവിനെപ്പോലെ എഴുത്തിലും വായനയിലും സജീവമാകാൻ സാധിച്ചില്ല. അമേരിക്കയിൽ വന്നശേഷമാണ്, വീണ്ടും ആ ശീലം തുടങ്ങിയത്. ആനുകാലികപ്രസിദ്ധീകരണങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും എഴുത്ത് തുടരുന്നു. സാമൂഹിക വിഷയങ്ങളിലും മറ്റും നമ്മുടെ നിലപാടുകളും കാഴ്ചപ്പാടുകളും പ്രകടമാക്കാൻ കഴിയുന്ന മാധ്യമമായാണ് ഞാൻ എഴുത്തിനെ കാണുന്നത്.

അമേരിക്കയിലെ എഴുത്തുകാരുമായും അവരുടെ കൂട്ടായ്മയുമായും , പ്രസ്സ് ക്ലബ്ബ് , ഫോമാ , ഫൊക്കാന , ശ്രീനാരായണ അസോസിയേഷൻ , ഇന്ത്യൻ ക്രിസ്ത്യൻ ഫോറം , നായർ ബനവലന്റ് അസോസിയേഷൻ തുടങ്ങിയ നിരവധി സംഘടനകളുമായും അവരുടെ നേതാക്കളുമായും , ചില തിരുമേനിമാരുമായും വളരെ നല്ല ബന്ധം പുലർത്തുന്നുണ്ട്. എല്ലാ മാസവും ചേരുന്ന അമേരിക്കൻ മലയാളി സാഹിത്യ സല്ലാപം എന്ന സംഘടനയിലും സജീവമാണ്.

**അമേരിക്കൻ മുഖ്യധാര രാഷ്ട്രീയ ബന്ധങ്ങൾ കൊണ്ടുണ്ടായ നേട്ടങ്ങൾ?**

ഐ എൻ ഓ സി യുടെ കേരള ചാപ്റ്ററിന്റെ നാഷണൽ സെക്രട്ടറി വരെയാകാൻ കഴിഞ്ഞിട്ടുണ്ട്. അമേരിക്കയിലെ സന്നദ്ധ സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിലാണ്, മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളായ ഡെമോക്രാറ്റ് / റിപ്പബ്ലിക്കൽ എന്നിവയുടെ ചില നേതാക്കളുമായും അടുത്തിടപെടാനും ബന്ധം നിലനിർത്താനും സാധിച്ചത്. കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകരെ അപേക്ഷിച്ച് അവരു

ടെ സത്യസന്ധമായ പ്രവർത്തനങ്ങൾ അടുത്തുനിന്ന് നോക്കി കാണുകയും ആ ശൈലി മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്.

**ലോക കേരള സഭയിലൂടെ കൂടുതലായി എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു?**

ലോക കേരള സഭയിൽ വീണ്ടും അംഗമായി തിരഞ്ഞെടുക്കപ്പെട്ടതിൽ സന്തോഷമുണ്ട്. കേരളത്തെ സംബന്ധിച്ച് പ്രവാസികളാണ് സംസ്ഥാനത്തിന്റെ നട്ടെല്ല്. പ്രവാസിസമൂഹത്തിന്റെ പതിറ്റാണ്ടുകളായുള്ള അശ്രാന്തപരിശ്രമം കൊണ്ടാണ് കേരളത്തിൽ ഇന്ന് കാണുന്ന പുരോഗതി കൈവന്നത്. അതുകൊണ്ടുതന്നെ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാനസർക്കാരിന് ഉത്തരവാദിത്തമുണ്ട്. അമേരിക്കയിലടക്കമുള്ള പ്രവാസികൾക്ക് നോർക്കയിൽ നിന്നും മറ്റും കിട്ടാവുന്ന സഹായങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. പ്രത്യേകിച്ച്, കോവിഡിന് ശേഷം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരുണ്ട്. കേരളത്തിൽ ധാരാളം വികസന പ്രവർത്തനങ്ങളും അതിവേഗ പാതകളും ഇനിയും ഉണ്ടാകണം. പാർട്ടിയുടേയോ കൊടിയുടെയോ നിറം നോക്കിയല്ല നമ്മളിതിനെ പിന്തുണയ്ക്കേണ്ടത്. വാഹനപ്പെരുപ്പം കൊണ്ട് റോഡിലിറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. ഇതുമൂലം ധാരാളം സമയം നഷ്ടമാകുന്നുണ്ട്. നാടണയുന്ന പ്രവാസികളെ ചേർത്തുപിടിക്കുന്നതടക്കം നിരവധി സംരംഭങ്ങൾ ഈ സംഘടനയിലൂടെ സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.





**ഇരുപത് വർഷങ്ങൾക്ക് മുൻപത്തെ കേരളം ഇന്നത്തേതിൽ നിന്ന് എത്രത്തോളം മാറി? മതേതരത്വത്തിന് കോട്ടം തട്ടിയതായി തോന്നുന്നുണ്ടോ?**

നമുക്ക് നമ്മുടെ നാടിനെ പഴയ രീതിയിൽ ഇനിയെന്ന് തിരിച്ചുകിട്ടുമെന്ന് ഞാൻ ഫേസ്ബുക്കിൽ ഒരു കുറിപ്പെഴുതിയിരുന്നു. 20 വർഷം മുൻപ് അമേരിക്കയിലേക്ക് പോകുമ്പോൾ, ഇന്നത്തെ ഒരു രീതിയേ ആയിരുന്നില്ല നാട്ടിൽ. ജാതിയുടെയോ മതത്തിന്റെയോ രാഷ്ട്രീയത്തിന്റേയോ വേലിക്കെട്ടുകളില്ലാതെ മനുഷ്യനെ മനുഷ്യനായി കാണാൻ ഇവിടുള്ളവർക്ക് കഴിഞ്ഞിരുന്നു. അവശർക്കും ആലംബഹീനർക്കും സഹായം എത്തിക്കുന്നതിനും പ്രത്യേക മാനദണ്ഡങ്ങളോ വേർതിരിവുകളോ ഉണ്ടായിരുന്നില്ല. ഓണം,വിഷു, ക്രിസ്മസ്,ബക്രീദ് തുടങ്ങി എല്ലാ ആഘോഷങ്ങളും ഒരുമിച്ച് ഒന്നായി കൊണ്ടാടുമായിരുന്നു. ഇന്ന്, കേരളത്തെക്കുറിച്ച് കേൾക്കുമ്പോൾ മറ്റൊരു ചിത്രമാണ് വിദേശരാജ്യങ്ങൾക്കുപോലും ഉള്ളത്. ഇന്ത്യയുടെ പ്രതിച്ഛായയ്ക്ക് വലിയ തോതിൽ മങ്ങലേറ്റിട്ടുണ്ട്. ജനാധിപത്യരാജ്യമായിട്ടും, അനീതിയെ എതിർക്കുന്നവരെ മർദ്ദിക്കുന്നതടക്കമുള്ള സാഹചര്യമാണ് കാണുന്നത്. ഒരു വിഭാഗത്തെ മാത്രമായി കുറ്റം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആളുകളുടെ ചിന്താഗതി ഒരുപാട് മാറി. പരസ്പരം തോളിൽ കയ്യിട്ടുനടന്നവർക്കിടയിലെ അകൽച്ച കാണുമ്പോൾ, പഴയ ആ നാട് നമുക്ക് തിരികെ ലഭിക്കാതെ പോകുമോ എന്നുപോലും ഭയം തോന്നുന്നു.


**കോവിഡിനെ നേരിട്ടതിനെക്കുറിച്ച് ഇപ്പോൾ തിരിഞ്ഞുചിന്തിക്കുമ്പോൾ എന്തുതോന്നുന്നു ?**

കോവിഡ് തുടങ്ങുമ്പോൾ ഞാൻ നാട്ടിലായിരുന്നു. അഞ്ച് വർഷങ്ങൾക്കുമുൻപ് ഒരു സർജറി വേണ്ടിവന്നിരുന്നു. അതിനുശേഷം വിന്റർ സമയത്ത്, അതായത് ഡിസംബർ മുതൽ മാർച്ച് വരെ, കോട്ടയ്ക്കലിൽ തുടരാറാണ് പതിവ്. 2019 ലും അങ്ങനെ തന്നെയായിരുന്നു തീരുമാനം. മാർച്ച് അവസാനം, മടങ്ങിപോകുന്നതിന് രണ്ടുദിവസം മുൻപാണ് കോവിഡ് രൂക്ഷമായതും അന്താരാഷ്ട്ര യാത്രാവിലക്കുകൾ പ്രാബല്യത്തിൽ വന്നതും. അപ്രതീക്ഷിതമായി ലോകം മുഴുവൻ ലോക്ഡൗണിലേക്ക് പോയപ്പോൾ അക്ഷരാർത്ഥത്തിൽ പകച്ചുപോയി. കുടുംബം ന്യൂയോർക്കിലും ഞാൻ നാട്ടിലുമായിപ്പോയതായിരുന്നു സങ്കടം. കെ എം സി സി,നന്മ തുടങ്ങിയ സംഘടനകളുടെ തലപ്പത്തിരിക്കുന്നതുകൊണ്ട് പ്രതിസന്ധിയിലായ അനേകരുടെ വിഷമതകൾക്ക് പരിഹാരം കണ്ടെത്തേണ്ട ഉത്തരവാദിത്തമുണ്ടായിരുന്നു. അങ്ങനെ വ്യക്തിജീവിതത്തിലെ ചെറിയ സങ്കടവും

ശാരീരിക പ്രയാസവും മാറ്റി വച്ച് മറ്റുള്ളവർക്ക് വേണ്ടി ഓൺലൈൻ വഴി എന്തൊക്കെ സഹായങ്ങൾ ചെയ്യാമെന്ന് ചിന്തിച്ചു. ആഗോളതലത്തിൽ ഹെല്പ് ഡെസ്കുകൾ തുറന്നു. സൂം മീറ്റിംഗുകളിലൂടെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് അടിയന്തര സഹായങ്ങൾ വേണ്ടവർക്ക് അത് എത്തിക്കാനുള്ള

സൗകര്യമൊരുക്കി. റംസാൻ സമയമായിരുന്നു അത്. നല്ല രീതിയിൽ ജീവിച്ചിരുന്ന പ്രവാസികൾ പോലും ജോലി നഷ്ടപ്പെട്ട് ആരോടും വിഷമങ്ങൾ തുറന്നുപറയാൻ കഴിയാതെ നിന്ന സാഹചര്യം. ശമ്പളം ലഭിക്കാതെയും കമ്പനി പൂട്ടിയും സാമ്പത്തികമായി നെട്ടോട്ടമോടുന്നവരുടെ വീടുകളിൽ പട്ടിണി ഉണ്ടാകരുതെന്ന ഉദ്ദേശത്തോടെയാണ് ഭക്ഷ്യകിറ്റുകളുടെ വിതരണം ആരംഭിച്ചത്. മാസ്കിന്റെയും മറ്റ് ആവശ്യവസ്തുക്കളുടെയും വിതരണവും ഏറ്റെടുത്തുനടത്തി. ചില സുമനസ്സുകളുടെ സഹായത്താൽ 'യു.എ.ബീരാൻ സാഹിബ് ഫൗണ്ടേഷ'നിലൂടെയും കെഎംസിസി,നന്മ തുടങ്ങിയ സംഘടനകൾ വഴിയും ഓക്സിജൻ കോൺസൺട്രേറ്ററുകളും വിതരണം ചെയ്തു.

ന്യൂയോർക്കിൽ നിന്നുകേൾക്കുന്നതും അശുഭകരമായ വാർത്തകളായിരുന്നു. ആതുരസേവനരംഗത്തെ സുഹൃത്തുക്കളുടെ അനുഭവങ്ങളിൽ വളരെയധികം ദുഃഖിച്ചു.



**കോവിഡ് നൽകിയ പാഠങ്ങൾ?**

ഒന്നും ശാശ്വതമല്ലെന്നും ആർക്കും എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാമെന്നും ഉള്ളതാണ് കോവിഡിൽ നിന്ന് പ്രധാനമായും മനസ്സിലാക്കിയത്. കോവിഡ് പിടിപ്പെടുമ്പോൾ തന്നെ മരണപ്പെടുമെന്ന പ്രതീതിപോലുമുണ്ടായിരുന്നു. ഐസിയു-വിൽ കയറ്റി വൈകാതെ തന്നെ പല സുഹൃത്തുക്കളും വേണ്ടപ്പെട്ടവരും മരണപ്പെട്ടിരുന്നു. മരണവാർത്ത കേൾക്കുമ്പോൾ ഞെട്ടൽ പോലും തോന്നാതായി. കോവിഡുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇറങ്ങിപ്രവർത്തിച്ചെങ്കിലും എന്തോ ഭാഗ്യം കൊണ്ട് രോഗം പിടിപ്പെട്ടില്ല എന്നൊരാശ്വാസമുണ്ട്. ചുരുക്കത്തിൽ മഹാമാരി വലിപ്പ ചെറുപ്പ് മില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും , ദരിദ്ര സമ്പന്ന രാഷ്ട്രങ്ങൾക്കും ബാധകമാണെന്ന പൊതുതത്വം ലോകം മനസ്സിലാക്കി.

**കുടുംബം?**

യു.എ.ബീരാൻ എന്ന മഹാപ്രതിഭയുടെ മകനാകാൻ സാധിച്ചതാണ് ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം. ചിട്ടയോടെയാണ് കുടുംബം എക്കാലവും ജീവിച്ചിട്ടുള്ളത്. അധികാര രാഷ്ട്രീയത്തിന്റെ പരിസരങ്ങളിൽ മക്കളെയോ ബന്ധുക്കളേയോ ഉപ്പ ഒരിക്കലും ചേർത്തുനിർത്താൻ ആഗ്രഹിച്ചിട്ടില്ല. ഉപ്പയുടെ മരണശേഷം ഉമ്മയുടെ സ്നേഹമാണ് താങ്ങും തണലുമായത്. തൊണ്ണൂറുവയസ്സുള്ള ഉമ്മ ഇപ്പോഴും ആരോഗ്യത്തോടെ കൂടെയുള്ളത് ഏറ്റവും വലിയ അനുഗ്രഹമായി കാണുന്നു. ഭാര്യ ഹസീന ന്യൂയോർക്കിൽ എൻവയോൺമെന്റൽ ഇൻസ്പെക്ടറാണ്.

ഒരു മകനും രണ്ടു പെൺമക്കളുമാണ് ഞങ്ങൾക്ക്. മകൻ ഹുസ്നി എസ് എ പി കൺസൾട്ടന്റായി വർക്ക് ചെയ്യുന്നു. എനിക്ക് സർജറി വേണ്ടിവന്നതുമുതൽ 5 വർഷമായി അവൻ 'വർക് ഫ്രം ഹോമാണ്' ചെയ്യുന്നത്.മൂത്ത മകൾ നസ്രീന ന്യൂയോർക്കിൽ തന്നെ ഭർത്താവിനും രണ്ടുമക്കൾക്കൊപ്പം താമസിക്കുന്നു. രണ്ടാമത്തെ മകൾ നാസിബ ഭർത്താവിനൊപ്പം സൗദി അറേബ്യയിൽ ദമ്മാമിലാണ്. ന്യൂയോർക്കിൽ പഠിച്ചുവളരുന്ന പലരെയും പോലെ ഭർത്താവിനെ അങ്ങോട്ടേക്ക് കൊണ്ടുപോകുന്നതിനുപകരം ഗൾഫിലേക്ക് പോകാനാണ് അവൾ തീരുമാനിച്ചത്. വർഷത്തിൽ ഒന്നുരണ്ടുതവണ ഇവിടെവന്ന് താമസിക്കും.

**ബാല്യകാല സ്മരണകൾ?**

പിതാവിന്റെ രാഷ്ട്രീയബന്ധങ്ങളാണ് ദീപ്തമായ ഓർമ്മ. രാഷ്ട്രീയ കുലപതികളായിരുന്ന ഇഎംഎസ്, കെ.കരുണാകരൻ,ബേബി ജോൺ, ഇസ്മയിൽ സാഹിബ്, ബാഫഖി തങ്ങൾ, പൂക്കോയ തങ്ങൾ, സി എച്ച്, ശിഹാബ് തങ്ങൾ തുടങ്ങിയവരുമായി ഉപ്പയ്ക്ക് നല്ല ബന്ധമായിരുന്നു. അവരെയൊക്കെ കണ്ടുവളരാൻ സാധിച്ചത് വലിയ അനുഭവങ്ങൾ സമ്മാനിച്ചിട്ടുണ്ട്. എസ്.കെ.പൊറ്റെക്കാടും തകഴിയും വൈക്കം മുഹമ്മദ് ബഷീർ ഇങ്ങനുള്ള സാഹിത്യത്തിലെ അതികായന്മാരുമായും അടുത്തിടപഴകാൻ സാധിച്ചിട്ടുണ്ട്. അന്നത്തെ സിനിമാപ്രവർത്തകരുമായും നല്ലബന്ധമായിരുന്നു.

**നാട്ടിൽ തുടർന്നിരുന്നെങ്കിൽ എന്തായി തീരുമായിരുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ?**

ഈ ചോദ്യം പലകുറി അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. അമേരിക്കയിൽ പോകാതെ ഇവിടെ തുടർന്നിരുന്നെങ്കിൽ എംഎൽഎ -യോ മന്ത്രിയോ ആകേണ്ട ആളായിരുന്നെന്ന് പലരും സ്നേഹപൂർവ്വം പറയാറുണ്ട്. എന്റെ ജൂനിയർസ് പലരും മന്ത്രിമാരായെന്നത് സത്യമാണ്. സജീവരാഷ്ട്രീയം മടുത്തതുകൊണ്ടും തുടരാൻ താല്പര്യമില്ലാത്തതുകൊണ്ടുമാണ് ജീവിക്കാൻ മാർഗ്ഗം തേടി വിദേശത്തേക്ക് പോയത്. അതിന്റേതായ മെച്ചം ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ കുറ്റബോധത്തിന്റെയോ നഷ്ടബോധത്തിന്റെയോ കാര്യം ഉദിക്കുന്നില്ല. ന്യൂയോർക്കിൽ എത്തിയത് മറ്റൊരു നിയോഗമാണ്. ഇവിടെയും ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. ഒരുപാട് ബന്ധങ്ങളുണ്ടായി. കരിപ്പൂർ എയർപോർട്ട് സമരങ്ങൾ അടക്കം പ്രാധാന്യമുള്ള വിഷയങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്. തിരിഞ്ഞുനോക്കുമ്പോൾ സംതൃപ്തനാണ്.